# കർഷകർക്കുവേണ്ടി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കും: കൃഷിമന്ത്രി

അങ്കമാലി: കേരളത്തിലെ കാലാവസ്ഥയിൽ ഉണ്ടാവുന്ന മാറ്റങ്ങൾ കർഷകരെ അറിയിക്കുന്നതിനും കർഷകരുമായി സംവദിക്കുന്നതിനും കാർഷിക അറിവുകൾ പകർന്ന് നൽകുന്നതിനുമായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഭാഗമായി കമ്മ്യൂണിറ്റി റേഡിയോ ഉടൻ ആരംഭിക്കുമെന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറേറ്റ് കറുകുറ്റിയിൽ സംഘടിപ്പിച്ച കാർഷിക ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയം ആകാശവാണിയിലൂടെയും ദൂരദർശനിലൂടെയും കാർഷികാനുബന്ധ പരിപാടികൾ സംപ്രേഷണം ചെയ്യുന്നുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട റേഡിയോ പരിപാടികൾ നാട്ടിൻ പുറങ്ങളിൽ ജനങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കർഷകർ കൃഷിവകുപ്പ് നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി അറിഞ്ഞിരിക്കണം. ഫണ്ട് മുഴുവൻ ചെലവഴിക്കുന്നതിനേക്കാളുപരി അത് കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

ഉദ്യോഗസ്ഥർ ഫയലിൽ നിന്നും വയലിലേക്കും ശാസ്ത്രജ്ഞർ ലാബിൽ നിന്ന് കൃഷിയിടത്തിലേക്കും ഇറങ്ങി കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും കൃഷിവകുപ്പിന്റെ പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്ന യന്ത്രങ്ങൾ കേടുപാടുകൾ തീർത്ത് കർഷകർക്ക് പ്രയോജനകരമാക്കണമെന്നും മന്ത്രി പറഞ്ഞു. അങ്കമാലി ബ്ലോക്കിലെ മുഴുവൻ തരിശുഭൂമിയും കൃഷി ചെയ്യുന്നതിനായി എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള മീറ്റിങ് ഉടൻ വിളിച്ചുചേർക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. കൃഷിക്കായി സർക്കാർ നൽകുന്ന ഫണ്ട് കാര്യക്ഷമമായി ചെലവഴിക്കണമെന്നും മന്ത്രി പറഞ്ഞു. യോഗശേഷം മന്ത്രി കറുകുറ്റി കൃഷിഭവൻ സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.

Janayugom 22.12.17